**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **05-07-2022 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവൻ എക്സ്റ്റൻഷൻ കൗണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവന് ആഴ്ചയിൽ രണ്ട് ദിവസം എക്സ്റ്റൻഷൻ കൗണ്ടർ വേണമെന്ന ആവശ്യം സംബന്ധിച്ച് പ്രസ്തുത പഞ്ചായത്ത് കമ്മിറ്റി മന്ത്രിക്ക് ഇ.6053069/2022 പ്രകാരം 16.3.2022-ൽ നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവന് എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനായുള്ള കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയി ന്മേൽ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഡയറക്ടർതലത്തിൽ പരിശോധിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത ആവശ്യം സംബന്ധിച്ച് അഗ്രികൾച്ചറൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | **കടപ്ലാമറ്റം പഞ്ചായത്തിൽ കൃഷിഭവന് എക്സ്റ്റൻഷൻ കൗണ്ടർ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിനായുള്ള കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയി ന്മേൽ കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ഡയറക്ടർതലത്തിൽ പരിശോധിച്ചു വരുന്നു.** |
| (സി) | എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി സൗജന്യമായി മുറി അനുവദിച്ച് നൽകാമെന്ന് പ്രമേയത്തിലൂടെ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ വകുപ്പ് എന്ത് നിലപാട് സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (സി) | **എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി സൗജന്യമായി മുറി അനുവദിച്ച് നൽകാമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൃഷി ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |
| (ഡി) | കടപ്ലാമറ്റം കൃഷിഭവനിലെ സ്റ്റാഫിനെത്തന്നെ ആഴ്ചയിൽ രണ്ടു ദിവസം എക്സ്റ്റൻഷൻ കൗണ്ടറിലേക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | **എക്സ്റ്റൻഷൻ കൗണ്ടർ തുടങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി സൗജന്യമായി മുറി അനുവദിച്ച് നൽകാമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൃഷി ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ